# തിരുവനന്തപുരം ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം

വിഷയം:-ആ.വ.ഡ- ജീവനക്കാര്യം- ശ്രീമതി.ഫിലോമിനയെ ഹെഡ് നഴ്സ് തസ്തികയിൽ നിന്നും ഗ്രേഡ്2 നഴ്സിംഗ് സൂപ്രണ്ട് ആയി പ്രൊമോഷൻ നൽകി ഉത്തരവാകുന്നത്- സംബന്ധിച്ച്-

സൂചന:-(1)ഒ.എ.1328/12 നമ്പർ കേസിന്മേലുള്ള 25.01.2013-ലെ ട്രൈബ്യൂണൽ വിധി.

(2) ജി.ഒ(ആർ.റ്റി) 3216/16/ആ.കു.വ തീയതി 30.11.2016.

(3) ഉത്തരവ് നം.ഇ.ഇ5-95276/16/ആ.വ.ഡ തീയതി 14.12.2016.

## ഉത്തരവ് നം.ഇ.ഇ2/4000/2014/ആ.വ.ഡ തീയതി: 31.1.2017.

എറണാകുളം ജനറൽ ആശുപത്രിയിൽ ഒന്നാം ഗ്രേഡ് നഴ്സിംഗ് സൂപ്രണ്ടായി ജോലി ചെയ്തുവരവെ ശ്രീമതി.വി.എസ്.ഫിലോമിനയെ പരാമർശം (ഒന്ന്) പ്രകാരം പിഴല പ്രാഥമികാരോഗ്യകേന്ദ്രത്തിൽ ഹെഡ് നഴ്സായി തരംതാഴ്ത്തി പരാമർശം(രണ്ട്), (മൂന്ന്) പ്രകാരം ഉത്തരവ് നൽകിയിരുന്നു.

1.1.1998 മുതൽ 28.3.2007 വരെയുള്ള ഹെഡ് നഴ്സുമാരുടെ സീനിയോറിറ്റി പട്ടികയിൽ ശ്രീമതി.ഫിലോമിനയുടെ പേരിൽ യഥാക്രമം 631,1628 എന്നീ രണ്ട് റാങ്ക് നമ്പറുകൾ ഉണ്ടായിരുന്നു. ആദ്യ റാങ്ക് നമ്പറായ 631 എന്നതിന്റെ അടിസ്ഥാനത്തിലാണ് ടിയാൾക്ക് നഴ്സിംഗ് സൂപ്രണ്ട് ഗ്രേഡ്.2, ഗ്രേഡ്.1 എന്നീ തസ്തികകളിലേക്ക് സ്ഥാനക്കയറ്റം നൽകിയത്. സീനിയോറിറ്റി പുനർനിർണ്ണയത്തിലൂടെ ടിയാളുടെ 631 എന്ന റാങ്ക് നമ്പർ റദ്ദാക്കുകയും 1628 എന്നത് സ്ഥിരപ്പെടുത്തുകയും ചെയ്തു. നിലവിൽ ടി റാങ്ക് പട്ടികയിലെ റാങ്ക് നം.1749 വരെ നഴ്സിംഗ് സൂപ്രണ്ട് ഗ്രേഡ്.2 ആയി സ്ഥാനക്കയറ്റം നൽകിയിട്ടുണ്ട്. ടിയാളുടെ ജൂനിയറായ ശ്രീമതി.ലിസി.കെ.ജെ (റാങ്ക് നം.1633) സ്ഥാനക്കയറ്റം നൽകികഴിഞ്ഞു. ആയതിനാൽ ശ്രീമതി.വി.എസ്.ഫിലോമിനയെ എറണാകുളം ജനറൽ ആശുപത്രിയിൽ നിലവിലുള്ള ഒഴിവിൽ നഴ്സിംഗ് സൂപ്രണ്ട് ഗ്രേഡ്.2 ആയി സ്ഥാനക്കയറ്റം നൽകി നിയമിച്ചു ഉത്തരവാകുന്നു.

ഒപ്പ്/-
ഡോ.രമേഷ്.ആർ,
ആരോഗ്യവകുപ്പ് ഡയറക്ടർ

സ്വീകർത്താവ്

ശ്രീമതി.വി.എസ്.ഫിലോമിന

പകർപ്പ്:-

1) ജില്ലാ മെഡിക്കൽ ആഫീസർ(ആരോഗ്യം), എറണാകുളം
2) സൂപ്രണ്ട്, ജനറൽ ആശുപത്രി.എറണാകുളം.
3) മെഡിക്കൽ ആഫീസർ ഇൻ ചാർജ്ജ്, പി.എച്ച്.സി പിഴല.
4) ഫയൽ/ കരുതൽ ഫയൽ

// ഉത്തരവിൻ പ്രകാരം //

സൂപ്രണ്ട്

വി.എം-2/2

46765